# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2017        11.02.2020-ൽ മറുപടിക്ക്

**പ്രായപൂർത്തിയാവാത്തവർക്ക് ലഹരി വസ്തുക്കൾ നൽകുന്നവർക്കുള്ള ശിക്ഷ**

| | ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് ലഹരി വസ്തുക്കൾ നൽകുന്നവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് നിലവിൽ കേസ്സെടുക്കുന്നത്; | (എ) | 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സിഗരറ്റ്, മറ്റ് പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽക്കുന്നവർക്കെതിരെ പോലീസ് ആക്ടിലെ 118(i), കോറ്റ്പ ആക്ടിലെ 6 (a) & (b), ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ 77 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. കഞ്ചാവ് പോലെയുള്ള മയക്കുമരുന്നുകൾ നൽകിയാൽ NDPS ആക്ട് പ്രകാരവുമാണ് നിലവിൽ കേസ്സെടുക്കുന്നത്. 23 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മദ്യം വിൽപ്പന നടത്തിയാൽ കേരള അബ്കാരി ആക്ട് 15 (B) വകുപ്പ് പ്രകാരം കേസെടുക്കുന്നതാണ്. |
| (ബി) | ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ കൂടുതൽ കടുത്ത വകുപ്പുകൾ ഉൾപ്പെടുത്തി കേസ്സെടുക്കുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ബി) | ഇത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസ്സെടുത്ത് ശിക്ഷ ഉറപ്പാക്കുന്നതിനായുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ